മാതൃഭൂമി
Mathrubhumi Online

Saturday, 29th December 2007
www.Mathrubhumi.com

## പുത്തൻകുരിശ് അഖില മലങ്കര സുവിശേഷ യോഗം

# സഹനം ക്രിസ്തീയജീവിതത്തിന്റെ അടിത്തറ - മോർ ഈവാനിയോസ്

കോലഞ്ചേരി: സഹനം ക്രിസ്തീയ ജീവിതത്തിന്റെ അടിത്തറയാകണമെന്ന് കണ്ടനാട് ഭദ്രാസനാധിപൻ ഡോ. മാത്യൂസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്ത പറഞ്ഞു. പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിൽ നടന്നുവരുന്ന അഖില മലങ്കര സുവിശേഷയോഗത്തിൽ വെള്ളിയാഴ്ച രാത്രി അധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു മെത്രാപ്പോലീത്ത. മാനുഷികമൂല്യങ്ങളിലൂടെ സഹനശേഷി തിരിച്ചറിയാനും ആത്മവിശ്വാസം നഷ്ടപ്പെടാതിരിക്കാനും ഈശ്വരനെ തിരിച്ചറിയേണ്ടതുണ്ട്.

പുതിയലോകം വിശ്വാസത്തിൽനിന്ന് നമ്മെ വഴിതിരിക്കാൻ ശ്രമിക്കുന്നുവെങ്കിൽ അരക്ഷിതാവസ്ഥയാണ് കാരണം. അത്തരം പ്രലോഭനങ്ങളിൽപ്പെടാതെ ശക്തമായ വിശ്വാസമുള്ള ഈശ്വരചിന്ത നില നിർത്തണമെന്നും മെത്രാപ്പോലീത്ത ആഹ്വാനംചെയ്തു. ആത്മരക്ഷ തേടുന്നവൻ സ്നേഹത്തിന്റെ ഊഷ്മളമായ അവസ്ഥയെ പ്രാപിക്കണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ശ്രേഷ്ഠ കാതോലിക്ക ഡോ. ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവായുടെ സാന്നിധ്യത്തിൽ ഡോ. യൂഹാനോൻ മോർ പീലക്സീനോസ് മെത്രാപ്പോലീത്ത, ഡോ. വിൻസന്റ് ആലപ്പാട്ട് എന്നിവർ പ്രഭാഷണം നടത്തി. മെത്രാപ്പോലീത്തമാരായ ഡോ. കുര്യാക്കോസ് മോർ തെയോഫിലോസ്, മാത്യൂസ് മോർ അപ്രേം, മാത്യൂസ് മോർ തേവോദോസ്യോസ്, റവ. ഡോ. ആൽബർട്ട് റൗഹ്, ഇ.സി. വർഗീസ് കോർ എപ്പിസ്കോപ്പ, കോൺവെന്റ് സുപ്പീരിയർ കെ.കെ. മേരിക്കുട്ടി എന്നിവർ സംബന്ധിച്ചു. ശനിയാഴ്ച രാവിലെ 10 മുതൽ ഉപവാസധ്യാനയോഗം, വൈകീട്ട് 6.15 ന് ഡോ. എബ്രഹാം മോർ സേവേറിയോസ് മെത്രാപ്പോലീത്തയുടെ പ്രസംഗം എന്നിവയുണ്ടാകും.